**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2766** **12-07-2022 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനം പുനഃസ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ പുരോഗതി സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിനായി സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം തീയതി 17.12.2021 പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950 മുതൽ 1980 കളുടെ തുടക്കം വരെ കേരളത്തിലെ ജൈവസമ്പന്നമായിരുന്ന സ്വാഭാവിക മരങ്ങൾ വെട്ടിതെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വിദേശ- ഏകവിളത്തോട്ടങ്ങൾ വച്ചു പിടിപ്പിക്കുകയുണ്ടായി. ഏകദേശം 27,000 ഹെക്ടർ വരുന്ന ടി വിദേശ - ഏകവിളത്തോട്ടങ്ങൾ സ്വാഭാവികതയിലേക്ക് പുനഃസ്ഥാപിക്കുവാനും തദ്ദേശീയ ഇനങ്ങൾ വീണ്ടും നട്ട് പിടിപ്പിച്ച് തോട്ടങ്ങളാക്കുന്നതുമാണ് നയരേഖ വിഭാവനം ചെയ്യുന്നത്. സ്വാഭാവിക വന പുനഃസ്ഥാപനത്തിന്റെ ഭാഗമായി ഇതുവരെ 567.56 ഹെക്ടർ സ്ഥലത്തെ വ്യാവസായിക തോട്ടങ്ങൾ സ്വാഭാവിക വനങ്ങൾ ആക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ